II ഇ.ബി. XIII- കേരള നിയമസഭ/XI- 19

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂലൈ 07, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

61(*541) '<u>സ്നേഹപൂർവ്വം' പദ്ധതി</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, മാതാപിതാക്കൾ രണ്ടുപേരും നഷ്ടപ്പെടുകയോ, ജീവിച്ചിരിക്കുന്നയാൾ സാമ്പത്തിക പരാധീനത മൂലം കഷ്ടപ്പെടുകയോ ചെയ്യുന്ന കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതിക്ക് 06-06-2012–ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതുപ്രകാരം 2014 മെയ് മാസം വരെ ലഭിച്ച 40,000–ൽപ്പരം അപേക്ഷകളിൽ മാനദണ്ഡപ്രകാരം അർഹതയുള്ളതായി കണ്ടെത്തിയ 28,583 പേരിൽ 20,020 പേർക്കുള്ള ധനസഹായം അനുവദിക്കുകയും ബാക്കിയുള്ള 8,563 അപേക്ഷകളിൽ 6,000 പേരുടെ അപേക്ഷകൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. 2563 പേർക്ക് ജൂലൈ അവസാനത്തോടെ

ധനസഹായം അനുവദിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം എ.പി.എൽ. വിഭാഗത്തിനുകൂടി ധനസഹായം ലഭ്യമാക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിൽ 20,000 രൂപയായും നഗരപ്രദേശങ്ങളിൽ 22,375 രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷൻ വഴി വളരെ നല്ല രീതിയിൽ കൃത്യതയോടുകൂടി ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും പദ്ധതി തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള 7 കോടി രൂപയ്ക്കുപുറമെ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള 18 കോടി രൂപയും കേന്ദ്ര വിഹിതവും ഉറപ്പാക്കിയാതൊരുവിധ സാമ്പത്തിക ബുദ്ധിമുട്ടുമില്ലാതെ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

### 62(*542) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിയമിച്ച ഓംബുഡ്സ്മാൻമാർ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ രണ്ട് വീതവും മറ്റ് ജില്ലകളിൽ ഓരോന്നും ഉൾപ്പെടെ 14 ജില്ലകളിലായി 17 ഓംബുഡ്സ്മാൻമാരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിയമിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതനുസരിച്ച് നിയമിതരാകുന്ന ഓംബുഡ്സ്മാൻമാരുടെ കാലാവധി രണ്ടു വർഷമോ അല്ലെങ്കിൽ 65 വയസ്സോ

ഏതാണോ ആദ്യം പൂർത്തീകരിക്കുന്നത് അന്നുവരെയാണ്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ശ്രീ. ജോയിക്കുട്ടി തരകൻ (പത്തനംതിട്ട), ശ്രീ. റ്റി. വി. ജെയിംസ് (ഇടുക്കി), ശ്രീ.കെ. ചെന്താമരാക്ഷൻ (എറണാകുളം), ശ്രീ. കെ. ഷാജഹാൻ (മലപ്പുറം) എന്നിവർക്ക് സേവനകാലാവധിയായ 2 വർഷത്തിനുമുമ്പുതന്നെ 65 വയസ്സ് തികഞ്ഞതിനാലും ശേഷിക്കുന്ന 13 പേരുടെ സേവന കാലാവധി അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 2 വർഷം പൂർത്തിയായതിനാലും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിയമിച്ച ഓംബുഡ്സ്മാൻമാരുടെ സേവനം അവസാനിച്ചിരുന്നു. പുതിയ വിജ്ഞാപന പ്രകാരം ഓംബുഡ്സ്മാൻമാരെ നിയമിക്കുന്നതുവരെ അവർ നിർവ്വഹിച്ചുകൊണ്ടിരുന്ന ജോലികളുടെ ചുമതല ജില്ലാ കളക്ടർമാരെ ഏൽപ്പിച്ചിരിക്കുകയാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര കർഷക – ഖാദി/കയർ മേഖലകളെക്കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരി നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട വേതനമാണ് നൽകിവരുന്നതെന്നും 2013-14-ൽ 4.065 ലക്ഷം ആൾക്കാർക്ക് 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

63(*543) <u>അംഗൻവാടികളുടെ സുരക്ഷിതത്വം</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട അംഗൻവാടികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടത് തദ്ദേശഭരണ സ്ഥാപന ത്തിന്റെ ചുമതലയാണെന്നും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അംഗൻവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ലെന്നും

മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേയ്ക്ക് അംഗൻവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുള്ളതായി സഭയെ അറിയിച്ചു. ഇതുകൂടാതെ ഓരോ വർഷവും മെയ് 10-ാം തീയതിക്കകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. ടോയ്ലറ്റ്, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാകുന്ന കെട്ടിടങ്ങൾ മാത്രമേ വാടകയ്ക്ക് എടുക്കുന്നുള്ളൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടത്തുന്നതിന് പഞ്ചായത്തുകളുടെ നോൺ റോഡ് ഫണ്ടും എം.എൽ.എ. മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടും ഉപയോഗപ്പെടുത്തണമെന്ന് സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകുന്നതാണെന്നും ഭൂമി സംബന്ധിച്ച രേഖകൾ കൈമാറിയ 81 മാതൃകാ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും നോൺ റോഡ് ഫണ്ട് ലാപ്സാക്കുന്ന പഞ്ചായത്തുകൾക്ക് എതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സ്കൂൾ കോമ്പൗണ്ടിനുള്ളിൽതന്നെ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം

ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടു കൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചു.

## 64(*544) <u>തൊഴിലുറപ്പ് പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് അവരുടെ പ്രവൃത്തി സ്ഥലത്ത് നിയമം അനുശാസിക്കുന്ന വിധത്തിലുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കണമെന്ന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി സഭയെ അറിയിച്ചു. ഇതനുസരിച്ച് സുരക്ഷിതമായ കുടിവെള്ളം, കുട്ടികൾക്കും തൊഴിലാളികൾക്ക് വിശ്രമ സമയത്തും വേണ്ട തണൽ, തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ സംഭവിക്കുന്ന ചെറിയ പരുക്കുകൾക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുള്ള പ്രാഥമിക ശുശ്രൂഷാപ്പെട്ടി (First Aid Box), തൊഴിലാളികൾക്കൊപ്പം വരുന്ന 5 വയസ്സിൽ താഴെയുള്ള കുട്ടികളെ പരിചരിക്കാൻ ആയയുടെ സേവനം എന്നീ അടിസ്ഥാന സൗകര്യങ്ങൾ പ്രവൃത്തി സ്ഥലത്ത് ലഭിക്കുന്നതിന് തൊഴിലാളികൾക്ക് അവകാശമുണ്ട്. ഇതിനാവശ്യമായ തുക പദ്ധതിയുടെ ഭരണച്ചെലവിൽനിന്നും കണ്ടെത്തി നിർവ്വഹിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ എല്ലാ ഘടകങ്ങളും പരിശോധിച്ച് വീഴ്ചയുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാ തലങ്ങളിൽ ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്. തൊഴിലാളികളുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിൽ സംഭവിക്കുന്ന വീഴ്ചകൾ സംബന്ധിച്ച് ജില്ലാ കേന്ദ്രങ്ങളിലും സംസ്ഥാന മിഷനിലും

സ്ഥാപിച്ചിരിക്കുന്ന ടോൾഫ്രീ ടെലഫോൺ മുഖേനയോ രേഖാമൂലമോ പരാതി നൽകാവുന്നതാണ്. സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ ഇവരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും തൊഴിലുറപ്പ് പദ്ധതി ഉത്പാദന മേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി അറിയിച്ചു.

65(*545) <u>ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, 2013–ലെ 51-ാം നമ്പരായും 2014-ലെ 7–ാം നമ്പരായും പുറപ്പെടുവിച്ചിട്ടുള്ള കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിനുപകരം പുതിയ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലേയും ഗ്രാമ പ്രദേശങ്ങളിലേയും ആസൂത്രിത വികസനം ലക്ഷ്യമിട്ട് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത ഓർഡിനൻസിൽ ഇന്ത്യൻ ഭരണ ഘടനയുടെ 73, 74 ഭേദഗതി കൾക്കനുസൃതമായി ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾ (ഡി.പി.സി), മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ, വില്ലേജ്, പഞ്ചായത്തു കൾ എന്നിവയ്ക്ക് സ്ഥലപര ആസൂത്രണത്തിൽ (Spacial planning) ഊന്നൽ നൽകിക്കൊണ്ടുള്ള വ്യവസ്ഥകളാണ് ൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത്/നഗ രസഭകളിലെ ജനപ്രതിനിധികളുടെ അഭിപ്രായം ആരാഞ്ഞശേഷമാണ് ടൗൺ പ്ലാനിംഗിന്റെ ഭാഗമായ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5830 മുതൽ 6145 വരെയുള്ള ചോദ്യങ്ങളിൽ 60 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി.)